## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1034 — 25-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകാനുള്ള തുക യഥാസമയം നൽകാത്തത് കാരണം മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ലഭ്യമാക്കാൻ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 2017 ഒക്ടോബർ 21 മുതൽ ഡിസംബർ 6-)ം തീയതിവരെ അവിദഗ്ദ്ധ കൂലിയിനത്തിൽ 367.33 കോടി രൂപ കുടിശ്ശിക യുണ്ടായിരുന്നു. 07-12-2017-ൽ 306.77 കോടി രൂപ കേന്ദ്ര സർക്കാർ ഈ ഇനത്തിൽ അനുവദിക്കുകയും ടി തുക തൊഴിലാളികൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷത്തിന്റെ അവസാനം (31-03-2018) വരെ സൃഷ്ടിക്കപ്പെടാവുന്ന തൊഴിൽ ദിനങ്ങളുടെ കൂലി തുകയായ 1272.50 കോടി രൂപ, ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 08-12-2017-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് കുടിശ്ശികയായിട്ടുള്ള തുക അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി 30.11.2017-നും 19-12-2017-നും കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. നിലവിൽ 08-12-2018 മുതൽ 22-01-2018 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ 358.98 കോടി രൂപ |

| | | | |
|---|---|---|---|
| | | | കുടിശ്ശികയുണ്ട്. ഇതിൽ 24.01.2018-ന് 280.17 കോടി രൂപ കൂടി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നേരിടുന്ന മറ്റു പ്രതിസന്ധികൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ ? | (സി) | സാധന ഘടകത്തിനും ഭരണച്ചെലവിനത്തിനുമായി ഇതുവരെ 110 കോടി രൂപ കുടിശ്ശികയുണ്ട്. ഈ ഇനത്തിൽ തുക കുടിശ്ശികയാകുന്നത് പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥനയെത്തുടർന്ന് സാധന ഘടകത്തിനും ഭരണച്ചെലവിനുമായി 09-01-2018-ൽ 100 കോടി രൂപ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. ടി തുകയും ഇതിന്റെ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് (Rs.100 കോടി + Rs.19,95,28,000) റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>നിലവിലെ പരിഷ്കരിച്ച തൊഴിലുറപ്പ് നിയം അനുസരിച്ച് ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകണമെന്ന കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. എന്നാൽ തൊഴിലുറപ്പ് തൊഴിലാളികൾ ഇത്തരത്തിലുള്ള ആയാസം കൂടിയ പ്രവൃത്തികളിൽ പങ്കാളികളാകുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. എന്നിരുന്നാലും നടപ്പ് സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച ലേബർ ബഡ്ജറ്റിൽ അനുശാസിക്കുന്ന ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനു പുറമെ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ കുറയാത്ത നേട്ടം ഈ വർഷവും കൈവരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ